# India-USA Consultations on UN Security Council Issues

August 03, 2022

## ഐക്യരാഷ്ട്ര സഭ  സുരക്ഷാ കൗൺസിൽ വിഷയങ്ങളിൽ ഇന്ത്യ-യുഎസ്എ കൂടിയാലോചനകൾ

ഓഗസ്റ്റ് 03, 2022

1.ഐക്യരാഷ്ട്ര സഭ സുരക്ഷാ കൗൺസിലിലും (യു എൻ എസ് സി) മറ്റ് ബഹുമുഖ പ്രശ്നങ്ങളിലും ഇന്ത്യയും യുഎസ്എയും 2022 ഓഗസ്റ്റ് 03-ന് ന്യൂഡൽഹിയിൽ കൂടിയാലോചനകൾ നടത്തി.

2. വിദേശകാര്യ മന്ത്രാലയത്തിലെ (എം ഇ എ) ജോയിന്റ് സെക്രട്ടറി (ഐക്യരാഷ്ട്ര സഭ-പൊളിറ്റിക്കൽ) ശ്രീ പ്രകാശ് ഗുപ്ത ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിച്ചു, അതിൽ വിദേശകാര്യമന്ത്രാലയത്തിലെ അമേരിക്ക & യു എൻ ഇ എസ് ഡിവിഷനുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരും ഉൾപ്പെടുന്നു. അംബാസഡർ മിഷേൽ ജെ. സിസൺ, സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് ഓഫ് ഇന്റർനാഷണൽ ഓർഗനൈസേഷൻ അഫയേഴ്സ് അസിസ്റ്റന്റ് സെക്രട്ടറി, ന്യൂ ഡൽഹിയിലെ യുഎസ് എംബസിയിലെ മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ യുഎസ് പ്രതിനിധി സംഘത്തെ നയിച്ചു.

3. ഇന്ത്യ-യുഎസ് സമഗ്ര ആഗോള സ്ട്രാറ്റജിക് പാർട്ണർഷിപ്പിന് അനുസൃതമായി, യുഎൻ സുരക്ഷാ കൗൺസിലിന്റെ അജണ്ടയിലെ വിവിധ വിഷാദാസത്തിന, രാജ്യ നിർദ്ദിഷ്ട വിഷയങ്ങളിൽ ഇരുപക്ഷവും ആഴത്തിലുള്ള വീക്ഷണങ്ങൾ കൈമാറി. തീവ്രവാദ വിരുദ്ധത, യുഎൻ സമാധാന പരിപാലനം എന്നിവയുൾപ്പെടെ പരസ്പര താൽപ്പര്യമുള്ള വിഷയങ്ങളിൽ തുടർന്നുവരുന്ന സഹകരണം തുടരാൻ ഇരുപക്ഷവും സമ്മതിച്ചു.യുഎൻ ജനറൽ അസംബ്ലിയുടെ വരാനിരിക്കുന്ന 77-ാമത് സമ്മേളനത്തിൽ ഇരുപക്ഷത്തിന്റെയും മുൻഗണനകളും ചർച്ചയിൽ ഉൾപ്പെടുത്തിയപ്പോൾ, 2022 ഡിസംബറിൽ യുഎൻഎസ്സിയുടെ വരാനിരിക്കുന്ന അധ്യക്ഷത കാലയളവിലുള്ള മുൻഗണനകളെക്കുറിച്ച് ഇന്ത്യ യുഎസ് പ്രതിനിധിയെ വിശദീകരിച്ചു.

4. ഇന്ത്യയും യുഎസ്എയും സംയുക്തമായി പിന്തുണയ്ക്കുന്ന പരിപാടികൾ ഉൾപ്പെടെ യുഎൻ സമാധാന സേനാംഗങ്ങൾക്കായി സി യു എൻ പി കെ നടത്തിവരുന്ന പരിശീലന പരിപാടികളെക്കുറിച്ചും യുഎൻ

സമാധാന പരിപാലന കേന്ദ്രത്തിലെ (സി യു എൻ പി കെ) മുതിർന്ന ഉദ്യോഗസ്ഥരും യുഎസ് പ്രതിനിധി സംഘത്തെ വിശദീകരിച്ചു.

**ന്യൂ ഡെൽഹി**

**ഓഗസ്റ്റ് 03, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.